# ആലുവാപ്പുഴ പിന്നെയും ഒഴുകുന്നു...

ഡി. ബാബു പോൾ

ആലുവാപ്പുഴ രണ്ട് കൈവഴികളായി പിരിയുന്നത് നോക്കി കൊട്ടാരക്കടവിന്റെ പടവുകളിൽ നിന്നുപോയി ഞാൻ. അതുവരെ ഒന്നിച്ചൊഴുകി. ഇനി ഒന്നിക്കുന്നത് കടലിൽ. അതായത് നദി ഇല്ലാതായി തീരുമ്പോൾ. രണ്ടു കൈവഴികളും വിസ്മൃതിയിൽ വിലയിക്കുമ്പോൾ. മയിലാടും കുന്നിൽ പിറന്ന് മയിലാഞ്ചിക്കാട്ടിൽ വളർന്ന് നഗരം കാണാതെയും നാണം മാറാതെയും കുണുങ്ങി ഒഴുകിയ കൈവഴികൾ പലത് ചേർന്നാണല്ലോ നദി ഉണ്ടാകുന്നത്. ഒരുമിച്ച് ചേരുമ്പോൾ തോന്നുന്ന ഉന്മാദവും വേറിട്ട് പിരിയുമ്പോൾ അനുഭവിക്കുന്ന നൊമ്പരവും നദിയുടെ സത്യമോ കവിയുടെ കാൽപ്പനികതയോ?

ഓർമ്മകൾ മനസ്സിൽ നിറഞ്ഞു. നദി തന്നെ എത്ര മാറിയിരിക്കുന്നു. കര ഇടിഞ്ഞ് കൽക്കെട്ടുകൊണ്ട് അതിരിട്ടില്ലെങ്കിൽ അപകടം വരുന്ന അവസ്ഥ ശിവരാത്രി മണൽപ്പുറത്തെ ഭീഷണിപ്പെടുത്തിയിരിക്കുന്നു. ആലുവായിലെ വിസർജ്യങ്ങൾ പൂർണയുടെ പരിശുദ്ധിയെ കളങ്കപ്പെടുത്താൻ ജനപ്രതിനിധികളുടെ അനുവാദത്തോടെ ഉദ്യോഗസ്ഥവൃന്ദത്തിന് കഴിഞ്ഞിരിക്കുന്നു. അപ്പുറത്തെ പാലത്തിലൂടെ കടന്നുപോയ തീവണ്ടിക്ക് ഇപ്പോൾ ആവി പിടിക്കേണ്ട! എണ്ണ കുടിച്ചാൽ ഉന്മേഷം; പണ്ട് മദ്രാസ് വരെ പോകുന്നത് കഷ്ടി, ഇപ്പോൾ ജമ്മുവിലും പോകും. അതേ, തൊട്ട് കിഴക്കുള്ള ആ നാട്ടിൻപുറത്ത് നിന്ന് പതിനഞ്ചാം വയസ്സിൽ പട്ടണത്തിലെത്തിയ കോളെജ് വിദ്യാർത്ഥി കണ്ട ആലുവാ ഇന്ന് ഇല്ല. അന്ന് കാത്തായി മില്ലിന് തൊട്ട് കിഴക്ക് ആ കൊവേന്തയുടെ ബോർഡ് നിന്ന പഴയ വളവ് കഴിഞ്ഞാൽ കാണുന്ന നെടുമ്പറമ്പായിരുന്നു ആലുവാ. പിന്നെ ഒരു തിയേറ്റർ. പങ്കജം? പിന്നെ സി.എസ്.ഐ.പള്ളിയും വൈഎംസി.എ.യും. ഒരു ചെറിയ ട്രാൻസ്പോർട്ടാഫീസ്. അന്ന് വല്ല സ്റ്റേഷൻമാസ്റ്ററുടെയോ ഏറിയാൽ കൺട്രോളിങ് ഇൻസ്പെക്ടറുടെയോ ആസ്ഥാനം ആയിരുന്നിരിക്കണം, ആ കത്തോലിക്കാപ്പള്ളിയുടെ താഴെ കോഫിഹൗസിന് അടുത്ത് ഉണ്ടായിരുന്നത് എന്ന് നാല് കൊല്ലം കെ.എസ്.ആർ.ടി.സി. ഭരിച്ചതിന്റെ ബലത്തിൽ ഇപ്പോൾ തോന്നുന്നു. ഇന്ന് ആലുവായിൽ നിന്ന് കോളെജ്ബസ് എന്റെ ഗ്രാമത്തിൽ വന്ന് കുട്ടികളെ നിത്യേന തൂക്കിയെടുക്കുകയും തിരിച്ചെറിയുകയും ചെയ്യുന്നു. അന്ന് ഹോസ്റ്റലാണ് ശരണം:

തോട്ടുംമുഖവും അശോകയും വരെ കിഴക്കോട്ടും പറവൂരോളം പടിഞ്ഞാറോട്ടും ഉള്ളവരും നടന്നെത്താവുന്നവരും മാത്രം ആയിരുന്നു വന്നു പോയി പഠിച്ചിരുന്നതെന്ന് തോന്നുന്നു. ടാഗോർ ഹോസ്റ്റലിന്റെ ഇഷ്ടിക പാകിയ വരാന്തയിൽ ചെത്തുക്കിച്ച് തുടങ്ങിയ തൂണിൽ ചാരി നിന്ന് പുസ്തകം വായിക്കുമ്പോൾ ടൗണിൽ നിന്ന് വരുന്ന ബസിൽ ഇരുന്ന് പുസ്തകം വായിക്കുന്നവരെയും ശ്രദ്ധിച്ചു പോകുമായിരുന്നു. അവരിൽ പലരെയും പിന്നെ കണ്ടിട്ടേയില്ല.

ആലുവായ്ക്കും ആ പുഴയ്ക്കും വന്ന മാറ്റങ്ങളെക്കുറിച്ചാണല്ലോ പറഞ്ഞു തുടങ്ങിയത്. ആലുവാ അന്ന് ഒരു വലിയ ഗ്രാമം; ഇന്നത്തെ പെരുമ്പാവൂരിനെക്കാൾ ചെറിയ സ്ഥലം. വേനൽക്കാലത്ത് കുളിച്ചുതാമസിക്കാൻ വരുന്നവരുടെ 'നദി' തഴുകിയിരുന്ന നാട്. ഇന്നോ? വിശാല കൊച്ചിയുടെ ഭാഗം. അന്ന് അവൾക്ക് നുണക്കുഴി വിരിഞ്ഞിട്ടില്ല: ബൈപാസ് പണിതിട്ടില്ല എന്നർത്ഥം. അന്ന് ആ കണ്ണുകളിൽ മലരമ്പില്ല: ദേശം കടത്തേ ഉള്ളൂ, പാലം പണിതിട്ടില്ല. അല്ലിയാമ്പൽക്കടവിലന്ന് അരയ്ക്ക് വെള്ളം: ഇന്ന് ആമ്പൽ എങ്ങോ പോയി മറഞ്ഞിരിക്കുന്നു. ആമ്പലോ? പഴയ വീടുകൾ പലതും കാണാനില്ല. ആകെ മാറ്റമില്ലാത്തത് മാർത്താണ്ഡവർമ്മപ്പാലത്തിനും കോളെജിലെ കച്ചേരിമാളികയ്ക്കും പിന്നെ ഒരുവേള കൊട്ടാരത്തിനും മാത്രം. പുഴപോലും എത്ര മാറിയിരിക്കുന്നു! അന്ന് അച്ഛസ്ഫടിക സങ്കാശം, ഇന്ന് മാലിന്യസമ്പുഷ്ടം. കെട്ടുവള്ളങ്ങൾ അപൂർവ്വദൃശ്യം. എന്നിട്ടും ആലുവാപ്പുഴ പിന്നെയും ഒഴുകുന്നു; ഓളവും തീരവും ആലിംഗനങ്ങളിൽ മുഴുകുന്നു, തീരത്തിന് ഓളവും ഓളത്തിന് തീരവും ഒരിക്കലും സ്വന്തമാവില്ലെന്ന് തിരിച്ചറിയുന്നത് എപ്പോഴും വൈകിയാണല്ലോ!

ഈ മാറ്റങ്ങൾ ആലുവായിൽ മാത്രം സംഭവിച്ചതല്ല എന്നതാണ് സത്യം. തിരുവനന്തപുരത്ത് വരുന്ന കാലത്ത് ഇതും ഒരു ഗ്രാമം ആയിരുന്നു. വഴിയിൽ വണ്ടികൾ കുറവ്. ജഡ്ക ജാസ്തി. ട്രാൻസ്പോർട്ട് ബസ്സുകൾ സമയത്തിനോടും. രാത്രി വഴി നടക്കാൻ പേടിക്കേണ്ട. എൻജിനിയറിംഗ് മെഡിക്കൽ വിദ്യാർത്ഥി സംഗമങ്ങളായിരുന്നു ഇവിടുത്തെ വലിയ പരിപാടി. ഡോ. സി.ആർ. സോമനും ഡോ. പി.ജി. രാമകൃഷ്ണ പിള്ളയും എൻജിനീയറിംഗ് കോളെജിലും കൃഷ്ണകുമാറും സുകുമാരൻ നായരും ഞാനും മെഡിക്കൽകോളെജിലും പ്രസംഗിക്കും. കേൾക്കാനും കൂവാനും ആളും കുറവ്! ലുമുംബയുടെ വധത്തിൽ യു.എൻ.ഒ.യുടെ ഉത്തരവാദിത്തം മുതൽ ശങ്കരക്കുറുപ്പിന്റെ കവിത്വം വരെ ആയിരുന്നു വിഷയങ്ങൾ. റേഡിയോ ഹോസ്റ്റലിൽ ആകെ ഒന്ന്. ശംഖുമുഖം ബീച്ചിൽ സ്വസ്ഥമായിരിക്കാം. ഇപ്പോഴോ? കവടിയാറിന്

ചുറ്റും ഇരുപതാണ് മാളികപ്പുരകൾ. വണ്ടി ജനത്തോളം ആയി എണ്ണത്തിൽ. പെണ്ണുങ്ങൾ സ്കൂട്ടർ ഓടിക്കുന്നു! എന്താ സ്ഥിതി!

ഈ മാറ്റങ്ങൾക്കിടയിലും സ്വസ്ഥമായിരിക്കാൻ കഴിയുന്നതാണ് വിജയരഹസ്യം. ഗൃഹാതുരത്വം സ്വാഭാവികമാണ്. എന്നാൽ അതിനപ്പുറത്തൊരു ശാന്തത കാണാൻ കഴിയണം. പിരിഞ്ഞതോർത്ത് കൈവഴികൾ തിരിച്ചൊഴുകാറില്ലല്ലോ. അതുപോലെ ചരിത്രത്തോടൊപ്പം നമുക്കും നീങ്ങുക. ആലുവാപ്പുഴ പിന്നെയും ഒഴുകുക തന്നെ ചെയ്യും: കൊച്ചരുവികൾ ഇണ ചേരുകയും കടലടുക്കുമ്പോൾ കൈവഴികളായി തിരിഞ്ഞ് ഡൽറ്റാകൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടേയിരിക്കും. നടീനടന്മാർ മാറും; നാടകം തുടരും. അതറിയാൻ കഴിയുന്നത് വിവേകം; അതംഗീകരിക്കുന്നത് പക്വത.

■